# മെത്രാൻ തിരഞ്ഞെടുപ്പും സുന്നഹദോസിന്റെ ഇടപെടലും

**ജോയ്സ് തോട്ടയ്ക്കാട്**

കേസുകളിലും വഴക്കുകളിലും കുടുങ്ങിക്കിടക്കുന്ന മലങ്കരസഭയെ ആദ്ധ്യാത്മികമായി മുമ്പോട്ടു നയിക്കുവാൻ പ്രാപ്തനായ ഒരാളായി ഫാ. പോൾ വർഗീസിനെ പലരും കണ്ടു. അതുകൊണ്ടു തന്നെ അദ്ദേഹത്തെ മെത്രാപ്പോലീത്തായാക്കുവാൻ പലരും ഉത്സാഹിക്കുകയും ചെയ്തു. അദ്ദേഹം സഭാകൗൺസിലിൽ സേവനമനുഷ്ഠിച്ചിരുന്ന സമയത്തു തന്നെ ഈ നീക്കം മലങ്കരസഭയിൽ നടന്നു. അതിന്റെ ഫലമായി 1965 ഡിസംബർ 28-ന് കോട്ടയം എം. ഡി. സെമിനാരിയിൽ ചേർന്ന മലങ്കര അസോസ്യേഷൻ അദ്ദേഹത്തെ മേല്പ്പട്ടസ്ഥാനത്തേയ്ക്ക് തിരഞ്ഞെടുത്തു.


ഈ തിരഞ്ഞെടുപ്പിനെ സംബന്ധിച്ച് 'മെത്രാന്മാരുടെ തെരഞ്ഞെടുപ്പ്' എന്ന ശീർഷകത്തിൽ മലയാള മനോരമ 1965 ഡിസംബർ 31-ന് പ്രസിദ്ധീ കരിച്ച മുഖപ്രസംഗത്തിൽ ഇങ്ങനെ പറയുന്നു: "മാനേജിംഗ് കമ്മിറ്റി നിർദ്ദേശിച്ച അഞ്ചു പേരുകൾക്ക് സർവ്വസമ്മതമായ അംഗീകരണമുണ്ടാ യിരുന്നുവെന്നുള്ളതു സുപ്രധാനമായ ഒരു വസ്തുതയാണ്. ദൈവ നടത്തിപ്പിന്റെ ഒരു സൂചനയായി അതിനെ അംഗീകരിക്കേണ്ടിയിരി ക്കുന്നു. സമുദായത്തിന്റെ എല്ലാ ഇടവകകളിൽ നിന്നും വന്നെത്തിയ മൂവായിരത്തോളം പ്രതിനിധികളിൽ ആർക്കും ഒരെതിരഭിപ്രായവും മെത്രാൻ സ്ഥാനത്തേയ്ക്കു നിർദ്ദേശിക്കപ്പെട്ട അഞ്ചുപേരെപ്പറ്റി പറയാനു ണ്ടായിരുന്നില്ല. തിരുമേനിമാരും, തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന 5 പേരും, സമുദായം മുഴുവനും പ്രാധാന്യം നൽകി ചിന്തിക്കേണ്ട വസ്തുതയാണത്. ഓരോ പേരും പ്രത്യേകം പ്രത്യേകം എടുത്തു പറഞ്ഞ് ആ പേരിന് ആനുകൂല്യമോ, പ്രാതികൂല്യമോ പ്രദർശിപ്പിക്കുന്നതിന് അവസരം നൽകിയ ശേഷം ഏകകണ്ഠമായി തിരഞ്ഞെടുപ്പ് നടക്കുകയായിരുന്നു. .....



അസോസിയേഷനിൽ പങ്കെടുക്കുന്ന പള്ളിപ്രതിപുരുഷന്മാർ ഭദ്രാസനങ്ങളിൽ കൂടി ചർച്ചകൾക്കും സ്വതന്ത്രമായ അഭിപ്രായ പ്രകടനത്തിനും അവസരം ലഭിച്ച ശേഷമാണ് അസോസിയേഷനിൽ സംബന്ധിച്ചത്. ഓരോ ഭദ്രാസനത്തിന്റെയും ഭരണാധിപനായ ഇടവക മെത്രാപ്പോലീത്തായുടെ നേതൃത്വത്തിലും നിയന്ത്രണത്തിലുമാണ് ഭദ്രാസന യോഗ ങ്ങൾ നടന്നത്. ഭദ്രാസനയോഗങ്ങളിൽ ഉണ്ടായ നിർദ്ദേശങ്ങൾ എല്ലാ തിരുമേനിമാരും ഉൾപ്പെട്ട മാനേജിംഗ് കമ്മിറ്റി ചർച്ച ചെയ്തു. ഭദ്രാസ നങ്ങളിൽ നിന്നു വന്ന നാമനിർദ്ദേശങ്ങൾ അഞ്ചിൽ കൂടുതൽ ഉണ്ടായി രുന്നതിനാൽ ഭദ്രാസനങ്ങളിൽ നിന്നു ലഭിച്ച വോട്ടിന്റെ ഭൂരിപക്ഷമനുസരിച്ച് 5 പേരെ നിർദ്ദേശിക്കണമെന്നുള്ള തത്വം ചർച്ചാ വിഷയമായി. അതനുസരിച്ചുള്ള നടപടിക്ക് അഭിപ്രായൈക്യം ഉണ്ടാകാതെ വന്നപ്പോൾ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഒരു സബ് കമ്മിറ്റിയെ തെരഞ്ഞെടുത്ത തായറിയാം. ആ കമ്മിറ്റിയിൽ എല്ലാ തിരുമേനിമാരും ഓരോ ഭദ്രാസ നത്തിൽ നിന്ന് ഓരോ പ്രതിനിധിയും ഉണ്ടായിരുന്നു. ഒരാഴ്ചയിലധികം ഇവർ നടത്തിയ ചർച്ചകളിൽ ഓരോ മാനേജിംഗ് കമ്മിറ്റിയംഗത്തിനും അഭിപ്രായം അറിയിക്കുവാൻ സ്വാതന്ത്ര്യം നൽകിയിരുന്നു. ഇങ്ങനെ അവധാനപൂർവ്വം നടന്ന പര്യാലോചനകൾക്കും സ്ഥാനാർത്ഥികളുടെ യോഗ്യതകളെപ്പറ്റിയുള്ള കൂലങ്കഷമായ പരിശോധനകൾക്കും ശേഷം ഭദ്രാസനങ്ങളിൽ പ്രകടമായ അഭിപ്രായഗതിയെ ആദരിച്ചു തന്നെ അഞ്ചു പേരെ സബ് കമ്മിറ്റി ഏകകണ്ഠമായി നാമനിർദ്ദേശം ചെയ്തു. ആ നിർദ്ദേശം അസോസിയേഷൻ യോഗത്തിനു തലേദിവസം നടന്ന മാനേജിംഗ് കമ്മിറ്റി അംഗീകരിച്ചശേഷമാണ് അസോസിയേഷന്റെ അംഗീകരണത്തിനു സമർപ്പിക്കപ്പെട്ടത്. കഴിയുന്നവിധത്തിൽ എല്ലാം ജനഹിത മറിഞ്ഞശേഷം അസോസിയേഷൻ ഏകകണ്ഠമായി അംഗീകരിക്കു കയും ചെയ്തു കഴിഞ്ഞു.

ഇപ്പോഴത്തെ തെരഞ്ഞെടുപ്പ് ദൈവഹിതമാണെന്നു വ്യക്തമാക്കുന്ന മറ്റു ചില വസ്തുതകൾ കൂടിയുണ്ട്. വൈദികകോളജും വൈദികാഭ്യാസ നവുമായി ബന്ധപ്പെട്ടവരാണ് അഞ്ചിൽ നാലു പേരും. അഞ്ചാമത്തെയാൾ ഒരു ഭദ്രാസന തലസ്ഥാനത്ത് ഉത്തരവാദിത്വമുള്ള ചുമതല നിർവഹി ക്കുന്നു. ഇവരിൽ ആരെങ്കിലും മെത്രാൻസ്ഥാനം കാംക്ഷിക്കുകയോ, അതിനുവേണ്ടി കാൻവാസ് ചെയ്യുവാൻ സ്നേഹിതന്മാരെ പ്രേരിപ്പിക്കുകയോ ആരെങ്കിലും മറ്റുവിധത്തിൽ പ്രവർത്തിക്കുകയോ ഉണ്ടായിട്ടില്ലെന്നുള്ളതും ശ്രദ്ധേയമായ ഒരു വസ്തുതയാണ്. നേരെമറിച്ച് അവർ അതിനു വിസമ്മതം പ്രകടിപ്പിച്ചിട്ടുള്ളതായറിയാം. എന്നിരുന്നിട്ടും എല്ലാ തിരുമേനിമാരും ഉൾപ്പെട്ട മാനേജിംഗ് കമ്മിറ്റിയും അസോസിയേഷനും ഏകകണ്ഠമായി ചെയ്തിരിക്കുന്ന തീരുമാനം ദൈവഹിതത്തിന്റെ തെളി വായി തെരഞ്ഞെടുക്കപ്പെട്ടവർ എല്ലാവരും ആദരിക്കേണ്ടതാണ്. ഏറ്റവും അസന്ദിഗ്ദ്ധമായ ആ തെരഞ്ഞെടുപ്പിനെ

അവഗണിക്കുവാൻ അവർക്കു സ്വാതന്ത്ര്യമില്ലാത്തതാണ്. അതുപോലെ തന്നെ ഈ നാമനിർദ്ദേശങ്ങൾ അവസാനത്തെ തീരുമാനത്തിനു സുന്നഹദോസിൽ സമർപ്പിക്കപ്പെടുമ്പോൾ തിരുമേനിമാരും കൂടി ഉൾപ്പെട്ട സബ് കമ്മിറ്റിയുടെയും മാനേജിംഗ് കമ്മിറ്റിയുടെയും അസോസിയേഷന്റെയും ഏകകണ്ഠമായ തെരഞ്ഞെടുപ്പനുസരിച്ചു തീരുമാനിക്കുമെന്നു വിശ്വസിക്കാവുന്നതാണ്. അസോസിയേഷനു മാനേജിംഗ് കമ്മിറ്റിയുടെ നിർദ്ദേശത്തെ തിരസ് ക്കരിക്കുവാൻ അവകാശമുണ്ടായിരുന്നിട്ടും ചിലർക്കെല്ലാം അഭിപ്രായ വ്യത്യാസമുണ്ടായിരുന്നിട്ടും മാനേജിംഗ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അംഗീകരിച്ചതുപോലെ സുന്നഹദോസും ഈ തിരഞ്ഞെടുപ്പ് അംഗീകരിക്കുമെന്നുള്ളതിൽ സംശയം തോന്നുന്നില്ല.”



മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്കു തന്റെ പേര് ഉന്നയിക്കപ്പെടുകയാണെങ്കിൽ ആ നീക്കത്തെ നിരുത്സാഹപ്പെടുത്തണമെന്ന് ഫാ. പോൾ വർഗീസ് തന്റെ സുഹൃത്തുക്കളെ അറിയിച്ചിരുന്നു. മലങ്കര അസോസിയേഷനു ശേഷം 1966 ജനുവരി 15-നു മലയാള മനോരമ ചീഫ് എഡിറ്റർ കെ. എം. ചെറിയാൻ, ഫാ. പോൾ വർഗീസിന് എഴുതിയ കത്തിൽ ഇതിനെക്കുറിച്ച് സൂചനയുണ്ട്. കെ. എം. ചെറിയാൻ തുടങ്ങിയവർ ഫാ. പോൾ വർഗീസിന്റെ പേര് ഒഴിവാക്കാൻ ശ്രമിച്ചിട്ടും, അതിനെ മുഖവിലയ്ക്കെടുക്കാതെ അദ്ദേഹത്തിന്റെ പേര് ലിസ്റ്റിൽ ഉൾപ്പെടുത്തുകയായിരുന്നു. കെ. എം. ചെറിയാൻ എഴുതിയിരിക്കുന്നത് കാണുക: “I have been wanting to write to you ever since the episcopal election. After the election it became clear to me that none of the elected candidates have any choice but to accept the call of the Church whatever might be their individual disposition. I saw Philipose Achen after his meeting you at Cairo conference and I am glad that you also have taken this view about the election.

I may assure you that I tried my best at different electoral levels (at the Kottayam Diocesan meeting, at the Managing Committee meeting and above all at the close meeting of the special committee of the Managing Committee) to represent your view and prevent these bodies from recommending your name to the Association. Your friends like Baby and others at Niranam and Quilon succeeded in keeping your name out of the respective Diocesan list respecting your feeling that you should now be embarassed. In spite of all these well meant effort, by you and by many of us your name has been accepted at all levels and after the enthusiastic and unanimous support of nearly 3000 delegates of the Association it is now certain that it is God’s call for you and also for the other four and that you have no choice but to accept it with great humility. A strong synod united in love and humility will be able to revitalise our church in a manner no other body can. Only such a Synod can recreate our lost vision for one whole united church for All - India.”

ജനുവരി 21-ന് കെ. എം. ചെറിയാന് അയച്ച മറുപടിയിൽ ഫാ. പോൾ വർഗീസ് ഇങ്ങനെ പറഞ്ഞു: “I was rather surprised to hear the news from Thommachen and then from the newspaper. Since I have not been officially informed about the election the question of accepting or rejecting does not arise at least for the moment. You are right in saying that I am not in a position to say no to a call of the Church, but I still hope that the Church will except me for consecration for some years to come and that the four others will be consecrated as soon as possible. I am grateful to you for your efforts in my behalf to keep my name out.”

സഭയുടെ ആദ്ധ്യാത്മികമായ ഉന്നതി സ്വപ്നം കണ്ടിരുന്ന അനേ കർക്ക് ഫാ. പോൾ വർഗീസിന്റെ, മെത്രാപ്പോലീത്താ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് ആശയും ആവേശവും പകർന്നു. അമേരിക്കയിലെ വിർജീ നിയാ സെമിനാരിയിൽ താമസിച്ചുകൊണ്ട് ഡോക്ടറൽ ഗവേഷണം നടത്തിക്കൊണ്ടിരുന്ന ഫാ. കെ. സി. തോമസ് (പിന്നീട് തോമസ് മാർ മക്കാറിയോസ്) ഫാ. പോൾ വർഗീസിനയച്ച കത്തിൽ ഇങ്ങനെ പറയുന്നു: “മലങ്കര അസോസിയേഷൻ മേല്പട്ടസ്ഥാനത്തേയ്ക്ക് ബ. അച്ചനെ തിരഞ്ഞെടുത്തതായുള്ള ഉന്മേഷജനകമായ വർത്തമാനം നാട്ടിൽ നിന്നു വന്ന കത്തുകളിൽ നിന്ന് ഗ്രഹിച്ചു. അനേകർ, അനേകനാളുകളായി ആശയോടു കൂടി കാത്തിരുന്ന ഇക്കാര്യത്തിന് ദൈവം തിരുമനസ്സായതിൽ തന്നെ നന്ദിപൂർവ്വം സ്തോത്രം ചെയ്യുന്നു. എന്റെ ഹാർദ്ദവമായ അഭിനന്ദനങ്ങൾ അയയ്ക്കുന്നു. ഓരോ തിരഞ്ഞെടുപ്പു കഴിയുമ്പോഴും നമ്മുടെ ജനങ്ങൾ പുതിയതും വലിയതുമായ കാര്യങ്ങൾ പ്രതീക്ഷിക്കുക സ്വാഭാവികമാണ്. ജനങ്ങളുടെ പ്രതീക്ഷകൾ നിറവേറ്റുവാനും ദൈവത്തിന്റെ മുന്തിരിത്തോട്ടത്തിൽ ഉത്തമവും ശ്രേഷ്ഠവുമായ വേല ചെയ്യുവാനും ദൈവം ബ. അച്ചന്റെ കരങ്ങളെ ശക്തിപ്പെടുത്തട്ടെയെന്ന് ഞാനും അനേകരോടൊപ്പം പ്രാർത്ഥിക്കുന്നു.

മുമ്പ്, നമ്മൾ ഡൽഹിയിൽ വച്ചു നേരിൽക്കണ്ട ഒന്നുരണ്ടവസരങ്ങളിൽ പൗരസ്ത്യ രീതിയിലുള്ള ഒരു ആശ്രമ പ്രസ്ഥാനത്തെപ്പറ്റി സംസാരിക്കുകയുണ്ടായല്ലോ. ബ. അച്ചന്റെ ആശയം കുറെക്കൂടി വിശദമായി അറിഞ്ഞാൽ കൊള്ളാമെന്നു താൽപര്യമുണ്ട്. ഞങ്ങൾ അമേരിക്കയിൽ പഠിച്ചുകൊണ്ടിരിക്കുന്നവർ ന്യൂയോർക്കിൽ ഒരുമിച്ചു കൂടാൻ അവസരങ്ങൾ കിട്ടുമ്പോഴൊക്കെയും ഇതേപ്പറ്റി സംസാരിക്കാറുണ്ട്. സൗകര്യം പോലെ എഴുതി അറിയിക്കുമല്ലോ.”

ഡബ്ലിയു.സി.സി. അസോസിയേറ്റ് ജനറൽ സെക്രട്ടറി, മികച്ച ബൈബിൾ ഭാഷ്യകാരൻ, ചിന്തകൻ, ദാർശനികൻ, വേദശാസ്ത്രജ്ഞൻ തുടങ്ങിയ നിലകളിൽ ആഗോളപ്രശസ്തനായിരുന്ന ഫാ. പോൾ വർഗീസിന്റെ മെത്രാപ്പോലീത്താ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പു വാർത്ത കാട്ടുതീ പോലെ പടർന്നു. റിലീസ് ഓഫ് ദ് എൻ.സി.ഡബ്ലിയു.സി. ന്യൂസ് സർവ്വീസ്, അമേരിക്കൻ റിവ്യൂ ഓഫ് ഈസ്റ്റേൺ ഓർത്തഡോക്സി, ക്രിസ്ത്യൻ സെഞ്ചുറി തുടങ്ങിയ പ്രമുഖ പ്രസിദ്ധീകരണങ്ങൾ തിരഞ്ഞെടുപ്പ് വാർത്ത പ്രസിദ്ധീകരിച്ചതോടെ ഫാ. പോൾ വർഗീസിന് അഭിനന്ദനങ്ങളുടെ പ്രവാഹമായി. തിരക്കേറിയ ജീവിതത്തിനിടയിൽ ഈ കത്തുകൾക്കെല്ലാം മറുപടി അയയ്ക്കുവാൻ അദ്ദേഹത്തിന് ഏറെ ക്ലേശിക്കേണ്ടതായും വന്നു.

നാഷണൽ കൗൺസിൽ ഓഫ് ദ് ചർച്ചസ് ഓഫ് ക്രൈസ്റ്റ് ഇൻ ദ് യു.എസ്.എ. യുടെ ഡിവിഷൻ ഓഫ് ക്രിസ്ത്യൻ യൂണിറ്റിയുടെ അസോ. ജനറൽ സെക്രട്ടറിയായിരുന്ന Mrs. Theodore O. Wedel 1966 മാർച്ച് രണ്ടിന് വർഗീസിന് ഇങ്ങനെ എഴുതി: “I had heard, of course, of your election to the episcopate and of your great reluctance to accept this. I can surely understand after the wild life you have had to lead for the past ten years that you would long for a settled existence and a chance to follow your own interests. However, I am not at all sure that you can argue with the Holy Spirit or with the tremendous gifts of leadership which God has given to you. You will be very much in my thoughts and prayers as you have to face these great decisions.”

അഭിനന്ദനം അറിയിച്ചുകൊണ്ട് കത്തെഴുതിയ ഒരാൾക്ക് 1966 ജനുവരി 24-ന് ഫാ. വർഗീസ് എഴുതിയ മറുപടിയിലെ പ്രസക്തഭാഗം കാണുക: “My election to the episcopate was done by my Church contrary to my express request to be allowed to continue to work as a priest for atleast 10 more years. I do not think that I will be consecrated in the coming year or so. I do appreciate, however, your good wishes and prayers.”

അസോസിയേഷൻ മേല്പട്ടസ്ഥാനത്തേക്ക് തിരഞ്ഞെടുത്ത ഫാ. പോൾ വർഗീസ്, ഫാ. എം. വി. ജോർജ്ജ് എന്നിവരെ മെത്രാപ്പോലീത്ത ന്മാരായി വാഴിക്കേണ്ടതില്ല എന്നൊരഭിപ്രായം അന്ന് സഭാനേതൃത്വ ത്തിലുണ്ടായിരുന്ന ചിലർക്ക് ഉണ്ടായി. ചുരുക്കം ചില വ്യക്തികൾ ക്കായിരുന്നു ഈ അഭിപ്രായം ഉണ്ടായിരുന്നതെങ്കിലും അവർ പ്രബലരാ യിരുന്നതുകൊണ്ട് ഉദ്ദേശിച്ച വഴിക്ക് കാര്യങ്ങൾ നീക്കുവാൻ അവർക്ക് സാധിച്ചു.

രസകരമായ രണ്ടു കാരണങ്ങളാണ് ഇവരെ മെത്രാപ്പോലീത്തന്മാരാക്കേണ്ടതില്ല എന്ന് ചിന്തിക്കുവാൻ അവരെ പ്രേരിപ്പിച്ചത്. ഒന്ന്, ഇരുവർക്കും പ്രൊട്ടസ്റ്റണ്ട് ആശയങ്ങളോട് ആഭിമുഖ്യമുണ്ടെന്നുള്ളതാ യിരുന്നു. രണ്ടാമത്തേത്, ഫാ. പോൾ വർഗീസിന്റെ മാതാവ് മാനസിക രോഗിയാണെന്നതും ഫാ. എം. വി. ജോർജ്ജിന്റെ പിതാവ് പ്രൊട്ടസ്റ്റണ്ട് സഭാവിശ്വാസിയായിരുന്നു എന്നതുമായിരുന്നു.

അസോസിയേഷൻ തിരഞ്ഞെടുത്ത വിവരം സഭാനേതൃത്വം ഔദ്യോ ഗികമായി കത്തു മുഖേന ഫാ. വർഗീസിനെ അറിയിച്ചില്ല. എന്നാൽ ഫാ. വർഗീസിന്റെ അഭിപ്രായമാരായുവാൻ ഫാ. കെ. ഫീലിപ്പോസിനെ (പിന്നീട് ഫീലിപ്പോസ് മാർ തെയോഫിലോസ്) സഭാനേതൃത്വം ചുമതല പ്പെടുത്തി. ഫാ. ഫീലിപ്പോസും അസോസിയേഷനാൽ തെരഞ്ഞെടുക്ക പ്പെട്ട വ്യക്തിയായിരുന്നു. അദ്ദേഹം ഫാ. വർഗീസിനെ സന്ദർശിച്ച് സംഭാ ഷണം നടത്തി. ഫാ. വർഗീസ് തന്റെ നിലപാട് ഫാ. ഫീലിപ്പോസിനോട് തുറന്നു പറഞ്ഞു. മെത്രാപ്പോലീത്താ സ്ഥാനത്തിന് താൻ അർഹനല്ല എന്നും, ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തിയാണ് തനിക്ക് കൂടുതൽ താല്പര്യമായിട്ടുള്ളതെന്നും, അതുകൊണ്ട് ഈ സ്ഥാനം ആവ ശ്യമില്ല എന്നും ഫാ. വർഗീസ് വ്യക്തമാക്കി.




ഫാ. കെ. ഫീലിപ്പോസ് ഈ വിവരം നാട്ടിൽ വന്നറിയിച്ചപ്പോൾ, ഫാ. വർഗീസിന്റെ മെത്രാപ്പോലീത്താ സ്ഥാനത്തെ എതിർത്തിരുന്നവർക്ക് കൂടുതൽ സന്തോഷമായി. പിന്നീട് സുന്നഹദോസ് കൂടിയപ്പോൾ അസോസിയേഷൻ തിരഞ്ഞെടുത്തവരെ മെത്രാപ്പോലീത്തന്മാരാക്കുന്നതിനെക്കുറിച്ച് ചർച്ച വന്നപ്പോൾ അവർ ഉണർന്നു പ്രവർത്തിച്ചു. അങ്ങനെ ഫാ. പോൾ വർഗീസിനെയും ഫാ. എം. വി. ജോർജിനെയും തൽക്കാലം മെത്രാപ്പോലീത്തന്മാരായി വാഴിക്കേണ്ടതില്ല എന്ന് സുന്നഹദോസ് തീരുമാനിച്ചു. ഈ തീരുമാനത്തിലൂടെ മലങ്കരസഭയുടെ ആകമാന പ്രാതിനിധ്യമുള്ള മലങ്കര അസോസിയേഷന്റെ തീരുമാനത്തെ വീറ്റോ ചെയ്യുകയാണ് സുന്നഹദോസ് ചെയ്തത്. ഇത് പിന്നീട് ഒട്ടേറെ ഒച്ചപ്പാടിനും ബഹളത്തിനും കാരണമായിത്തീർന്നുവെങ്കിലും സുന്നഹദോസ് ആ തീരുമാനത്തിൽ ഉറച്ചു നിൽക്കുക തന്നെയാണ് ചെയ്തത്.

ഫാ. പോൾ വർഗീസിനോടൊപ്പം തിരഞ്ഞെടുക്കപ്പെട്ട ഫാ. എം. വി. ജോർജ്ജ് (പിന്നീട് ഗീവർഗീസ് മാർ ഒസ്താത്തിയോസ്) ഈ സംഭവ ത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു: "1965-ൽ മെത്രാപ്പോലീത്തായാക്കുവാൻ 5 പേരെ തിരഞ്ഞെടുത്തവരുടെ കൂട്ടത്തിൽ ഞാനും ഉണ്ടായി രുന്നു. എന്നെയും പോൾ വർഗീസ് അച്ചനെയും മെത്രാപ്പോലീത്തായാ ക്കുന്നതു സുന്നഹദോസ് വീറ്റോ ചെയ്തു. അതു ഞങ്ങൾക്ക് വളരെ പ്രയോജനകരമായി."

ഈ സംഭവത്തെക്കുറിച്ച് സഭാചരിത്രകാരനായ ഇസ്സഡ്. എം. പാറേട്ട് 'മലങ്കര നസ്രാണികൾ' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്: "മെത്രാൻ പദത്തിലേക്കുയർത്തുന്നതിന് അസ്സോസിയേഷൻ അഞ്ചു പേരെ തിരഞ്ഞെടുത്തു. എന്നാൽ മൂന്നു പേരെ മാത്രമാണ് സുന്നഹദോസ് അംഗീകരിച്ച് അഭിഷേകം ചെയ്തത്. 'സുന്നഹദോസ് ആ നടപടിയിലൂടെ ബഹുജനാഭിപ്രായത്തെ അവഹേളിച്ചു. എപ്പിസ്ക്കോപ്പന്മാരുടെ അധികാരം ഉറപ്പിക്കുന്നതിനു സ്വീകരിച്ച ആ തന്ത്രം വക വെച്ചുകൊടുക്കാൻ തയ്യാറല്ല. ബാക്കി രണ്ടാളേയും ഉടൻ മേല്പട്ടസ്ഥാന ത്തേക്കുയർത്താത്തപക്ഷം പ്രക്ഷോഭണം അഴിച്ചുവിടും, ആ പ്രക്ഷോഭണത്തിന്റെ വേലിയേറ്റത്തിൽ സുന്നഹ ദോസും എപ്പിസ്കോപ്പന്മാരും ഒഴുകിപ്പോകും' എന്ന് ഭീഷണി ഉണ്ടായി. ജനങ്ങൾ തിരഞ്ഞെടുത്ത രണ്ടു പേർക്ക് എന്തുകൊണ്ട് സ്ഥാനം കൊടുത്തില്ല എന്ന് ഉടൻതന്നെ വ്യക്തമാക്കണം എന്ന് 'ഡിമാൻഡും' ആജ്ഞയും ഉണ്ടായി. ആധുനിക രാഷ്ട്രീയ പ്രക്ഷോഭണരീതി അനുസരിച്ചു ശബ്ദം ഉണ്ടാക്കിയും ഭീഷണിപ്പെടുത്തിയും സുന്നഹ ദോസിനെ അടിപണിയിക്കുന്നതിനായിരുന്നു ശ്രമം. സുന്നഹദോസിനുള്ള അധികാരത്തിന്റെ അതിര് അല്പം പോലും കടന്ന് ഒന്നും ചെയ്തിട്ടില്ല എന്ന് സുവ്യക്തമായിരുന്നതു കൊണ്ടായിരിക്കാം അവർ മൗനം അവലംബിക്കുക മാത്രം ചെയ്തു. തിരഞ്ഞെടുക്കപ്പെട്ടു എങ്കിലും സ്ഥാനം ലഭിക്കാതെ വന്ന വൈദികരെ അപമാനിക്കുകയോ അവഹേളിക്കുകയോ ആണ് ചെയ്തതെന്നുള്ള വാദത്തിനും സുന്നഹദോസ് മൗനം കൊണ്ട് മറുപടി കൊടുക്കുക യാണുണ്ടായത്. അപമാനിതരായി എന്ന് പ്രക്ഷോഭകർ പറഞ്ഞ ആ വൈദികർ, ആ കോളിളക്കത്തിൽ എങ്ങും ഇടപെട്ടതായി കണ്ടില്ല എന്ന് രേഖപ്പെടുത്തുവാൻ സന്തോഷമുണ്ട്. തങ്ങളുടെ അനുഗാമികളോ, അഭ്യുദയകാംക്ഷി കളോ ആയ പ്രക്ഷോഭണക്കാർ സ്വീകരിച്ച മാർഗം ശരിയായിട്ടുള്ളതല്ല എന്നു പ്രസ്താവന ചെയ്ത് അവരെ നേർവഴിക്ക് നടത്തുന്നതിനും ആ വൈദികർ മുതിർന്നില്ല. പ്രക്ഷോഭണം കെട്ടടങ്ങി എന്നു പറയാം. എങ്കിലും ചാമ്പലിൽ തീപ്പൊരി ഉണ്ടായിരുന്നു എന്നു വരാമല്ലോ?"

മാനേജിംഗ് കമ്മിറ്റിയിൽ ഈ പ്രശ്നം കെ. ഇ. മാമ്മൻ (കണ്ടത്തിൽ) മുതലായി ഏതാനുംപേർ ഉന്നയിച്ചു. അതിനെക്കുറിച്ച് കെ. ഇ. മാമ്മൻ പറയുന്നു: "ഫാ. പോൾ വർഗീസ്, ഫാ. എം. വി. ജോർജ്ജ് എന്നിവരുടെ മെത്രാൻ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് സുന്നഹദോസ് നിരാകരിച്ചു. അഥവാ അവരെ മെത്രാപ്പോലീത്ത ന്മാരാക്കേണ്ടതില്ല എന്ന് സുന്നഹദോസ് തീരുമാനിച്ചു. ഇവർ ഇരുവരും മെത്രാപ്പോലീത്തന്മാരായാൽ സഭയ്ക്ക് ആത്മീയമായ വലിയൊരു വളർച്ചയുണ്ടാകുമെന്നായിരുന്നു എന്റെ വിചാരം. ഇവർ പ്രൊട്ടസ്റ്റണ്ട് വിശ്വാസത്തോട് പ്രതിപത്തി ഉള്ള വരാണ് എന്നതായിരുന്നു മെത്രാൻ സ്ഥാനം കൊടുക്കാത്തതിന് പറഞ്ഞിരുന്ന കാരണം. ഇവരെ മെത്രാപ്പോലീത്തന്മാരാക്കാത്തതിനെതിരെ ഞാൻ മാനേജിംഗ് കമ്മിറ്റിയിൽ പറഞ്ഞു: 'Spiritual Murder, out of spiritual Jealousy.' പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് മെത്രാ പ്പോലീത്താ എന്നോട് ചോദിച്ചു 'ഞങ്ങൾ കൊലപാതകം നട ത്തിയെന്നാണോ താൻ പറയുന്നത്' എന്ന്."



മാനേജിംഗ് കമ്മിറ്റിയിൽ നടന്ന ചൂടേറിയ വാദപ്രതിവാദ ങ്ങൾക്കു ശേഷം, യോഗം പ. സുന്നഹദോസിനോട് ഈ വിഷയത്തെക്കുറിച്ച് പുന രാലോചന ചെയ്യണമെന്ന് അഭ്യർ ത്ഥിച്ചു. 1969 ജനുവരി 23-ന് കൂടിയ വർക്കിംഗ് കമ്മിറ്റിയിലും ഈ പ്രശ്നം ഉയർന്നുവരികയും മാനേജിംഗ് കമ്മിറ്റിയുടെ അഭ്യർത്ഥന തന്നെ അവർ ആവർത്തിക്കുകയും ചെയ്തു.

ഫെബ്രുവരി രണ്ടിനു ചേർന്ന മാനേജിംഗ് കമ്മിറ്റിയിൽ ഈ പ്രശ്നം വീണ്ടും ഉന്നയിക്കപ്പെട്ടു. അതിന് അസോസി യേഷൻ സെക്രട്ടറി "പ. സുന്നഹദോസ്, ജനുവരി 23-നു കൂടിയ വർക്കിംഗ് കമ്മിറ്റിയുടെ അഭ്യർത്ഥന പരിഗണിക്കു കയും ഫാ. പോൾ വർഗീസ്, ഫാ. എം. വി. ജോർജ്ജ് എന്നിവരുടെ തിരഞ്ഞെടുപ്പ് അംഗീകരിക്കുന്നതിന് ഭൂരിപക്ഷം അംഗങ്ങളും പ്രതികൂലം പ്രകടിപ്പിക്കയാൽ, അവരുടെ തിരഞ്ഞെടുപ്പ് അംഗീകരിക്കേണ്ടതില്ലെന്നു തീരുമാനിക്കു കയും" ചെയ്തതായി മറുപടി നൽകി.

പ. സുന്നഹദോസിന്റെ തീരുമാനം പുനഃപരിശോധന ചെയ്യണമെന്ന് മാനേജിംഗ് കമ്മിറ്റി അംഗങ്ങളിൽ പലരും അഭിപ്രായപ്പെട്ടു. അതനുസരിച്ച് കമ്മിറ്റി, സുന്നഹദോസിന്റെ തീരുമാനം പുനഃപരിശോധന ചെയ്യണമെന്ന് വീണ്ടും അപേക്ഷിച്ചു. നിശ്ചയം പുനഃപരിശോധന ചെയ്യാമോ എന്ന്

സുന്നഹദോസിൽ ആലോചിക്കാമോയെന്ന് മാനേജിംഗ് കമ്മിറ്റിയിൽ ചോദ്യം ഉണ്ടായപ്പോൾ, 'പുനഃപരിശോധന ചെയ്യേണ്ടതില്ല എന്നാണ് സുന്നഹദോസിന്റെ തീരുമാനം' എന്ന് പ്രസിഡണ്ട് പ്രസ്താവിച്ചു.[9]

സുന്നഹദോസിന്റെ തീരുമാനത്തെ ഒരിക്കലും എതിർക്കുവാൻ ഫാ. പോൾ വർഗീസും ഫാ. എം. വി. ജോർജ്ജും ശ്രമിച്ചില്ല. തങ്ങൾക്കു വേണ്ടി വാദിക്കുന്നവരെ പിന്തുണയ്ക്കാനോ അതിൽ നിന്ന് പിൻതിരി പ്പിക്കുവാനോ അവർ തുനിഞ്ഞില്ല.

അഞ്ചു വർഷത്തെ കാലാവധി പൂർത്തിയാകാറായപ്പോൾ വീണ്ടും അഞ്ചു വർഷം കൂടി സേവനം തുടരുവാൻ ഡബ്ലിയു.സി.സി. നേതൃത്വം രേഖാമൂലം ഫാ. പോൾ വർഗീസിനോടാവശ്യപ്പെട്ടു. ആ ക്ഷണം നിരസിച്ചുകൊണ്ട് 1967 ഓഗസ്റ്റിൽ അദ്ദേഹം അവിടെനിന്നും പിരിഞ്ഞു. 1967 ജനുവരി മൂന്നിനു ദേവലോകം കാതോലിക്കേറ്റ് അരമനയിൽ ചേർന്ന ഓർത്തഡോക്സ് സഭാ സുന്നഹദോസ് ഫാ. വർഗീസിനെ ഓർത്ത ഡോക്സ് സെമിനാരിയുടെ പ്രിൻസിപ്പലായി നിയമിച്ചിരുന്നു. സെമിനാ രിയുടെ ചുമതല ഏറ്റെടുത്തുകൊണ്ട് അദ്ദേഹം കേരളത്തിലെത്തി.

* * * * * * * * * *

1974-ൽ വീണ്ടും മെത്രാപ്പോലീത്തന്മാരെ തിരഞ്ഞെടുക്കുന്നതിനായി അസോസ്യേഷൻ കൂടാൻ തീരുമാനിച്ചപ്പോൾ, മലങ്കരസഭയിലെ വടക്കൻ ഭദ്രാസനങ്ങളിലെ വിശ്വാസികൾ ഫാ. പോൾ വർഗീസിനെ മെത്രാപ്പോ ലീത്താ സ്ഥാനത്തേക്ക് നിർദ്ദേശിച്ചുകൊണ്ട് രംഗത്തു വന്നു. 1965-ലെ അസോസിയേഷനിലും അദ്ദേഹത്തിന്റെ പേര് നിർദ്ദേശിച്ചത് അവർ തന്നെയായിരുന്നു.

ഫാ. പോൾ വർഗീസിന്റെ സ്ഥാനാർത്ഥിത്വത്തെ സംബന്ധിച്ച് ചില തർക്കങ്ങൾ മാനേജിംഗ് കമ്മിറ്റിയിലുണ്ടായി. ഒരു തവണ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തയാളെ വീണ്ടും അസോസിയേ ഷൻ തിരഞ്ഞെടുക്കണമോ എന്നതായിരുന്നു ഒരു തർക്കവിഷയം. ഫാ. പോൾ വർഗീസും കൂടി സന്നിഹിതനായിരുന്ന ഒരു മാനേജിംഗ് കമ്മിറ്റിയിൽ വച്ചായിരുന്നു ഈ വിഷയത്തെക്കുറിച്ച് ചർച്ച ഉണ്ടായത്. അത് അദ്ദേഹത്തെ വളരെയധികം അസ്വസ്ഥനാക്കി. ഈ വിഷയത്തിലെ തന്റെ നിലപാടിനെക്കുറിച്ച് പ. സുന്നഹദോസിനും, സഭാംഗങ്ങൾക്കും തെറ്റിദ്ധാരണകളുണ്ടാകാതിരിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അതിനാൽ തന്റെ അഭിപ്രായങ്ങൾ പ. സുന്നഹദോസിന് ഒരു മെമ്മോറാണ്ടമായി സമർപ്പിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. എന്നാൽ പലരുടെയും അഭിപ്രായങ്ങളെയും അപേക്ഷകളെയും മാനിച്ച് അത് സമർപ്പിച്ചില്ല. ഫാ. വർഗീസ് എഴുതി തയ്യാറാക്കിയ മെമ്മോറാണ്ടം ഇപ്രകാരമായിരുന്നു:

"പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് മുമ്പാകെ പോൾ വർഗീസ് കശീശാ വിനയാദരപുരസ്സരം സമർപ്പിക്കുന്ന മെമ്മോറാണ്ടം.

അടുത്ത ഒക്ടോബർ മാസത്തിൽ മലങ്കര അസോസ്യേഷൻ കൂടുന്ന സമയത്ത് നമ്മുടെ സഭയിലെ എപ്പിസ്കോപ്പന്മാരായി അഭിഷേകം ചെയ്യ പ്പെടുവാൻവേണ്ടി അഞ്ചു സ്ഥാനാർത്ഥികൾ തിരഞ്ഞെടുക്കപ്പെടണ മെന്ന് പ. സുന്നഹദോസും മാനേജിംഗ് കമ്മിറ്റിയും തീരുമാനമെടുത്തിട്ടുണ്ടല്ലോ.

അങ്ങനെ തിരഞ്ഞെടുക്കപ്പെടുവാനുള്ള സ്ഥാനാർത്ഥികളുടെ ലിസ്റ്റിൽ എന്റെ പേരു കൂടി ഉൾപ്പെടുത്തുന്നതിന് സാങ്കേതികമോ നിയമപരമോ ആയ തടസ്സം ഉണ്ടെന്ന് വിദഗ്ധാഭിപ്രായമുണ്ടായിയെന്നും എന്നാൽ അങ്ങനെ തടസ്സമില്ലാ എന്ന അഭിപ്രായമാണ് അഭിവന്ദ്യ തിരുമേനിമാരിൽ പലർക്കും ഉള്ളതെന്നും ഞാൻ കൂടി സന്നിഹിതനായിരുന്ന കഴിഞ്ഞ മാനേജിംഗ് കമ്മിറ്റിയിൽ പ്രഖ്യാപിക്കുകയുണ്ടായല്ലോ.

ഇക്കാര്യത്തെ സംബന്ധിച്ച് എന്റെ നിലപാടിനെക്കുറിച്ച് പ. സുന്നഹ ദോസിനോ, നമ്മുടെ സഭാംഗങ്ങൾക്കോ തെറ്റിദ്ധാരണകളുണ്ടാകാതിരി ക്കണമെന്ന് എനിക്ക് വളരെ ആഗ്രഹമുണ്ട്.

1965 ഒക്ടോബർ 28-ന് കൊച്ചി ഭദ്രാസനത്തിലെ അസോസ്യേഷൻ പ്രതിനിധികളുടെ അനൗദ്യോഗിക വക്താവെന്ന നിലയിൽ ഡോ. ചാക്കോ ജോർജ്ജ് അന്ന് ജനീവയിലായിരുന്ന എനിക്ക് ഒരെഴുത്തെഴുതി. 1965 ഡിസംബർ 28-ന് അഞ്ച് മെത്രാന്മാരെ തിരഞ്ഞെടുക്കുന്നതിനായി അസോസ്യേഷൻ കൂടുന്നതാണെന്നും, അങ്ങനെ തിരഞ്ഞെടുക്കപ്പെടുന്നവരുടെ ഇടയിൽ ഞാനും ഉൾപ്പെടണമെന്ന് വളരെയധികം ആളുകൾ ആഗ്രഹിക്കുന്നു ണ്ടെന്നുമാണ് അദ്ദേഹം എഴുതിയത്: "kindly let me know as early as possible whether we shall be right to include your name in our list of recommended nominees."

ഈ കത്തിന് ഞാൻ 1965 നവംബർ 4-ന് എഴുതിയ മറുപടിയിൽ, ഇതുപോലെയുള്ള മറ്റു പല കത്തുകളും എനിക്ക് കിട്ടിയിട്ടുണ്ടെന്നും, ഞാൻ എതിര് പറയരുതെന്നാണ് അവരുടെ അഭ്യർത്ഥനയെന്നും ഞാൻ എഴുതിയിരുന്നു. "I am grateful to all of your for your confidence in me, and pray God that I may someday be worthy of it. For the present, my earnest and most humble request to all of my friends and well - wishers in that you will make it clearly known in the managing committee and in the Association that *I am totally unprepared and unwilling to let my name go up*. If it goes up, and by some remote chance I am elected, you will place me in the embrrassing position of having to refuse to accept the call of the Church."

അതേസമയം തന്നെ, പ. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് 1965 ഒക്ടോബർ മാസം 22-ന് താഴെ പറയുംപ്രകാരം ജനീവയിലാ യിരുന്ന എനിക്ക് കല്പന അയച്ചു:

"പ്രിയപ്പെട്ട പോൾ വർഗീസ് അച്ചന് വാഴ്വ്.

പ്രിയനേ,

നമ്മുടെ സഭ ഒരു പരിവർത്തനഘട്ടത്തിൽ പ്രവേശിച്ചിരിക്കുകയാണല്ലോ. ഇതിനുവേണ്ടി പ്രവർത്തിക്കുവാൻ കഴിവും മനസ്സുമുള്ളവരെ ലഭിക്കേണ്ടിയിരിക്കുന്നു. ആയതിനാൽ അച്ചനെപ്പോലെയുള്ള ആളുകൾ മുമ്പോട്ട് വരേണ്ടത് അത്യാവശ്യമാണ്. അച്ചന്റെ അവിടെയുള്ള പ്രവർ ത്തനം വിലയേറിയതും പ്രയോജനപ്രദവും ആണെന്ന് നമുക്കറിയാം. നമ്മുടെ പാവപ്പെട്ട സഭയുടെ നാനാവിധ സാഹചര്യങ്ങളും പരിഗണനയിൽ എടുത്തുകൊണ്ട് അച്ചന് സൗകര്യമുണ്ടെങ്കിൽ ഇവിടെ വന്ന് ആവശ്യമായ എല്ലാ സഹായങ്ങളും ചെയ്തു കാണ്മാൻ നാം ആഗ്രഹി ക്കുന്നു."

1965 നവംബർ 5-നു ഞാൻ പ. ബാവാ തിരുമേനിയുടെ കല്പനയ്ക്ക് മറുപടി ബോധിപ്പിച്ചു: "I was in Rome when Bawa Thirumeni's letter arrived and I am grateful for all the good words that your Holiness has said about me. I would, however, like to make use of this opportunity to repeat my humble request conveyed to you before, that I should be given atleast 10 years time to work out my own ideas in our Church. *Therefore once again with all humility and, earnestness, I should like to beg that my name be kept out of any list of nominations for election to the episcopate.* I am anxious to come back to India and begin work as early as I can in 1967, but *I am quite sure not only that I am unworthy of the episcopate,* but also that I have a sense of vocation to work among university students, laymen and theological students. If I get some time I would also like to write some books and produce other literature which will be helpful for our Church. I hope that Bawa Thirumeni and the Episcopal synod will permit me to work out some of these ideas."

1965 ഡിസംബർ 28-ന് അസോസ്യേഷൻ കൂടിയപ്പോൾ ഞാൻ ഉദ്ദേശിക്കാതെയും എന്റെ സമ്മതം കൂടാതെയും അഞ്ച് ഭദ്രാസനങ്ങളിൽ നിന്ന് എന്റെ പേര് നിർദ്ദേശിക്കപ്പെട്ടതായും അസോസ്യേഷൻ ഐക കണ്ഠേന എന്നെ തിരഞ്ഞെടുത്തതായും പത്രങ്ങളിൽ കണ്ടെങ്കിലും, സഭയിൽ നിന്ന് ഇക്കാര്യത്തെപ്പറ്റി ഔദ്യോഗികമായി എന്നെ അറിയിക്കു കയുണ്ടായിട്ടില്ല. അതുകൊണ്ടാണ് ഇക്കാര്യത്തിൽ ഞാൻ ഇതുവരെയും രേഖാമൂലമായ നടപടിയൊന്നും എടുക്കാതിരുന്നിട്ടുള്ളത്.

എന്നാൽ ഞാൻ കൂടി സന്നിഹിതനായിരുന്ന കഴിഞ്ഞ മാനേജിംഗ് കമ്മിറ്റിയോഗത്തിൽ വച്ച് എനിക്ക് ഈ സ്ഥാനത്തിന് അർഹതയില്ലെന്നും, അതുകൊണ്ട് എന്റെ സ്ഥാനാഭിഷേകം വേണ്ടെന്ന് വെച്ചെന്നും, ഈ തീരുമാനം പരിശുദ്ധ സുന്നഹദോസ് മൂന്ന് പ്രാവശ്യം ആവർത്തിച്ചെടുത്തിട്ടുണ്ടെന്നും വ്യക്തമായി പ്രഖ്യാപിക്കപ്പെട്ടു.

പ. സുന്നഹദോസിന്റെ ഈ തീരുമാനം ഏറ്റവും ന്യായാനുസൃതവും സത്യാധിഷ്ഠിതവും പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലവുമാണെന്ന് ഞാൻ യഥാർത്ഥത്തിൽ വിശ്വസിക്കുന്നു. എളിയവനായ എന്റെ അഭി പ്രായത്തിൽത്തന്നെ പലവിധത്തിലുള്ള അയോഗ്യതകളുള്ളവനാണ് ഞാനെന്ന് എനിക്കറിയാം. മാത്രമല്ല, ഞാൻ 1965-ൽ എഴുതി അയച്ചതു പോലെ എന്നെക്കൊണ്ട് ഈ സഭയ്ക്ക് ചെയ്യാവുന്ന സേവനങ്ങൾ ഭര ണാധികാരത്തിൽക്കൂടെയെന്നതിനേക്കാളധികമായി ഒരു അദ്ധ്യാപകനെന്ന നിലയിലും ഗ്രന്ഥകർത്താവെന്ന നിലയിലുമാണെന്ന് തന്നെയാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് സുന്നഹദോസിൽ നിന്നും നൽകുന്ന നാമനിർദ്ദേശപത്രികയിൽ എന്റെ പേര് ഇപ്രാവശ്യവും ഉൾപ്പെടുത്തരുതെന്ന് ഞാൻ ഏറ്റവും താഴ്മയായി അഭ്യർത്ഥിക്കുന്നു.

പരിശുദ്ധാത്മാവ് എന്റെ ഹൃദയത്തിൽ സാക്ഷിക്കുന്നത് ഞാൻ 1965-ൽ പറഞ്ഞതുപോലെ എനിക്കർഹ തയില്ലെന്നും ഞാൻ എപ്പിസ്ക്കോപ്പൽ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെടരുതെന്നും തന്നെയാണ്. ഈ സഭയിലെ ഒരു എളിയ പട്ടക്കാരനായി ദൈവം അനുവദിയ്ക്കുന്നിടത്തോളം കാലം ഞാൻ വേല ചെയ്തുകൊള്ളാം. കഴിയു ന്നതും വേഗം സെമിനാരിയുടെ ഭരണസംബന്ധമായ ചുമതലകളിൽ നിന്നുകൂടെ എന്നെ ഒഴിവാക്കാമെങ്കിൽ, കൂടുതൽ സമയം പഠിപ്പിക്കുന്നതിനും എഴുതുന്നതിനുംവേണ്ടി ചെലവഴിക്കാൻ സാധിക്കുമായിരുന്നു. പരിശുദ്ധ സുന്നഹദോസ് ദയവുണ്ടായി ഇക്കാര്യവും കഴിയുന്നതും വേഗം പരിഗണനയിലെടുക്കണമെന്ന് താഴ്മയായി അഭ്യർത്ഥിക്കുന്നു.

കർത്താവിൽ എളിയ ദാസൻ

പോൾ വറുഗീസ് കശീശാ

കോട്ടയം
1974 ജൂലൈ 6-നു."

സഭയുടെ ആദ്ധ്യാത്മികമായ ഉയർച്ചയ്ക്ക് ഫാ. പോൾ വർഗീസിന്റെ മെത്രാപ്പോലീത്താ സ്ഥാനത്തേക്കുള്ള വരവ് സഹായകമാകും എന്ന് മലങ്കരസഭയിലെ നല്ലൊരു ഭാഗം വിശ്വാസികളും പ്രമുഖ നേതാക്കളും കരുതി. നിരവധി ആളുകൾ നേരിട്ടും കത്തുകൾ മുഖേനയും ഈ ആവശ്യം ഉന്നയിച്ചു. തലക്കോട് സ്വദേശിയായ ഫാ. ഒ. സി. കുറിയാ ക്കോസ് അയച്ച ഒരു കത്തിൽ ഇപ്രകാരം ആവശ്യപ്പെട്ടു: "മലങ്കരസഭ മുഴുവനായി അങ്ങയെ മെത്രാപ്പോലീത്തായായി തിരഞ്ഞെടുത്തതാണ്. കഴിഞ്ഞ മാനേജിംഗ് കമ്മിറ്റിയിൽ ബ. അച്ചനെയും ജോർജ്ജ് അച്ചനെയും ഉടനെ വാഴിക്കുവാൻ തീരുമാനവും എടുത്തു. എന്നാൽ ഇപ്പോൾ പലരിൽ നിന്നും ഞാൻ കേൾക്കുന്നു, അങ്ങേക്ക് മെത്രാപ്പോലീത്തായാകുവാൻ മനസ്സില്ല എന്ന്. അങ്ങയെക്കുറിച്ച് വിവരമുള്ളവർക്ക് അറിയാം, അങ്ങ്



മെത്രാപ്പോലീത്തായേക്കാൾ വലിയ സ്ഥാനം ക്രിസ്തീയലോകത്തിൽ ഇതിനകം നേടിക്കഴിഞ്ഞു എന്ന്. എന്നാലും സഭയ്ക്ക് ഇന്ന് അങ്ങയെപ്പോലെയുള്ള ഒരു വ്യക്തിയെ മെത്രാപ്പോലീത്തായായി ആവശ്യമുണ്ട്. സഭ മുഴുവനായി അങ്ങയോടാവശ്യപ്പെടുകയാണ്, അങ്ങ് ആ വലിയ കുരിശ് വഹിക്കണമെന്ന്. അങ്ങേയ്ക്ക് ഭരണം ആവശ്യമില്ലെങ്കിൽ അത് വേണ്ടെന്ന് വയ്ക്കാം. അങ്ങ് സഭയുടെ നേതൃത്വം സ്വീകരിക്കുന്നില്ല എങ്കിൽ ഈ സഭ എന്തായിത്തീരും എന്ന് ചിന്തിക്കുവാൻ പോലും സാധ്യമല്ല. ദൈവവിളി അങ്ങ് തള്ളിക്കളയരുതെന്ന് വിനീതമായി അപേ ക്ഷിക്കുന്നു."

1974 ഒക്ടോബർ 2-നു നിരണത്തു ചേർന്ന മലങ്കര അസോസ്യേഷൻ, മേല്പ്പട്ടസ്ഥാനത്തേക്ക് ഫാ. പോൾ വർഗീസിനെ മറ്റു നാലു പേരോടൊപ്പം ഐകകണ്ഠേന തിരഞ്ഞെടുത്തു. 1975 ഫെബ്രുവരി 15-നു പുത്തൻകാവ് കത്തീഡ്രലിൽ വച്ച് ദാനിയേൽ മാർ പീലക്സിനോസ് അദ്ദേഹത്തിനു റമ്പാൻ സ്ഥാനം നൽകി. സന്ന്യാസശ്രേഷ്ഠനായ പൗലോസിന്റെ പേര് ദയറായക്കാരൻ എന്ന നിലയിൽ അദ്ദേഹം സ്വീകരിച്ചു. ഫെബ്രുവരി 16-ന് നിരണം സെന്റ് മേരീസ് പള്ളിയിൽ വച്ച് പ. ഔഗേൻ പ്രഥമൻ കാതോലിക്കാബാവാ, പൗലോസ് റമ്പാനെ 'മാർ ഗ്രീഗോറിയോസ്' എന്ന പേരിൽ മെത്രാപ്പോലീത്തായായി അഭിഷേകം ചെയ്തു.

മെത്രാപ്പോലീത്താ സ്ഥാനത്തേക്കുള്ള ദൈവികവിളിക്ക് തല കുനിച്ചു കൊടുക്കാനുണ്ടായ ചില കാരണങ്ങൾ മെത്രാപ്പോലീത്താ ഇങ്ങനെ വിശദീകരിക്കുന്നു: "ഞാൻ മെത്രാപ്പോലീത്തായാകുവാൻ വീണ്ടും വിസമ്മതിക്കുകയാണെങ്കിൽ ഞങ്ങളാരും കാതോലിക്കാഭാഗത്ത് നിൽക്കുകയില്ല എന്ന് കോലഞ്ചേരി ഭാഗങ്ങളിലുള്ള കുറെ ആളുകൾ പറഞ്ഞു എന്നത് ശരിയാണ്. അത് എന്റെ തീരുമാനത്തിൽ ഒരു വിധത്തിൽ ഒരു പ്രധാനപ്പെട്ട ഘടകമായിട്ടുണ്ട്. അതായത് അവർക്കു കൂടി ഒരു കോൺഫിഡൻസ് ഉള്ള ഒരു മെത്രാപ്പോലീത്താ സഭയിൽ ഉണ്ടെങ്കിൽ സഭയിൽ നിൽക്കാൻ അവർക്ക് കുറച്ചുകൂടി എളുപ്പമാണെന്ന് പൈലിപ്പിള്ള, ചാക്കോപ്പിള്ള തുടങ്ങിയ കുറെ ആളുകൾ പറഞ്ഞപ്പോൾ അതിനെ ഞാൻ ഗൗരവമായിട്ട് എടുത്തു. അതു തന്നെയല്ല, ആ സമയത്ത് സഭയിൽ ഇങ്ങനെയൊരു ചുമതല ഞാൻ എടുക്കുന്നത് നല്ലതായിരിക്കുമെന്നുള്ള അഭിപ്രായം മറ്റു പലരിൽ നിന്നുമുണ്ടായി. അത് ഞാൻ സ്വീകരിച്ചു."

*ആ തീരുമാനം തെറ്റിപ്പോയി എന്നു തോന്നുന്നുണ്ടോ?*

"തീരുമാനങ്ങളെപ്പറ്റി ഞാൻ ഖേദിക്കാറില്ല. ആ തീരുമാനം അന്നെ ടുത്തു. അതിന്റെ ഭവിഷത്ഫലങ്ങളെല്ലാം സ്വീകരിക്കുവാൻ തയ്യാറായിക്കൊണ്ടാണ് തീരുമാനം എടുത്തത്. അതിനകത്ത് കുഴപ്പങ്ങളുണ്ടെന്നും, പ്രശ്നമുണ്ടെന്നും, സഭയിൽ പലവിധ വൈകല്യങ്ങളുണ്ടെന്നുമൊക്കെ അന്നും അറിയാമായിരുന്നു. അന്ന് തീരുമാനമെടുത്തു. അതിന്റെ അടിസ്ഥാനത്തിൽ ഇരുപതു വർഷം സേവനം നിർവഹിച്ചു. തീരുമാനം തെറ്റിപ്പോയി എന്ന വിചാരം എനിക്കില്ല."

മെത്രാപ്പോലീത്തായാകുവാൻ തനിക്ക് 'ഭയമായിരുന്നു' എന്നു പറഞ്ഞുകൊണ്ട്, ആ സ്ഥാനം സ്വീകരിച്ച സന്ദർഭം

മെത്രാപ്പോലീത്താ സെമിനാരി വിദ്യാർത്ഥികൾക്ക് എടുത്ത ഒരു ക്ലാസിൽ വിവരിക്കുകയുണ്ടായി. മെത്രാപ്പോലീത്തായിൽ നിന്നും അറിയാതെ വാർന്നുവീണ ആ മൊഴിമുത്തുകളിതാണ്: "ഒരു മെത്രാപ്പോലീത്തായുടെ ഏറ്റവും പ്രധാനമായ ചുമതലയെപ്പറ്റി ഞാൻ കൂടുതൽ ചിന്തിക്കുന്തോറും എനിക്ക് വളരെയധികം വിഷമമുണ്ടാകുന്നുണ്ട്. മെത്രാപ്പോലീത്തായാകാതിരിക്കുവാൻ എന്നെക്കൊണ്ട് കഴിയുന്നത്ര ഞാൻ ശ്രമിച്ചു; നടന്നില്ല. അവസാനം വടക്കൻപ്രദേശത്തുള്ള സഭാംഗങ്ങൾ എന്നെ ബ്ലാക്ക്മെയിൽ ചെയ്ത് മെത്രാപ്പോലീത്തായാക്കിയതാണ്. അവരാണ് പറ്റിച്ചതെന്നെ. 1974–ൽ സഭാവഴക്ക് പ്രബലമായിരിക്കുമ്പോഴാണ് എന്നെ മെത്രാപ്പോലീത്തായാക്കുവാൻ രണ്ടാമതും അസോസ്യേഷൻ തിരഞ്ഞെടുക്കുന്നത്. അപ്പോൾ ഞാൻ പറഞ്ഞു, 'ഈ സ്ഥാനമെനിക്ക് വേണ്ട. ഞാൻ അച്ചനായിത്തന്നെ ഇരുന്നോളാ'മെന്ന്. ആ സമയത്ത് വടക്കൻപ്രദേശങ്ങളിലുള്ള സഭാംഗങ്ങൾ ഒരു ഡലിഗേഷനായി എന്നെ സമീപിച്ച് പറഞ്ഞു: "സഭ രണ്ടാകാൻ പോകുകയാണെങ്കിൽ, അച്ചൻ മെത്രാപ്പോലീത്തായാകുവാൻ വിസമ്മതിക്കുകയാണെങ്കിൽ, ഞങ്ങൾ പാത്രിയർക്കീസ് പക്ഷത്ത് ചേരുകയാണ്." ഇതു പറഞ്ഞാണ് അവരെന്നെ ബ്ലാക്ക്മെയിൽ ചെയ്തത്. അപ്പോൾ ഞാൻ സമ്മതിച്ചതാണ് മെത്രാപ്പോലീത്തായാകാൻ. എനിക്ക് വലിയ ഭയമാണ് മെത്രാപ്പോലീത്താ സ്ഥാനത്തിന്റെ ചുമതലകളെപ്പറ്റി ഓർക്കുമ്പോൾ. To be a Bishop is to be the presence of Christ in the midst of people. അതുപോലെയുള്ള സ്പിരിചൽ ക്വാളിറ്റീസ് വേണം. അതുപോലെയുള്ള പ്രാർത്ഥന വേണം. ഏറ്റവും പ്രധാനമായിട്ടുള്ളത് പ്രാർത്ഥനയാണ്. പ്രാർത്ഥനയും സ്പിരിച്വാലിറ്റിയുമാണ് ഒരു മെത്രാപ്പോലീത്തായ്ക്ക് വേണ്ടത്."

"സഭയുടെ കെട്ടുപാടിന്റെ ഒരു രൂപമാണ് പരിശുദ്ധന്മാരായ എപ്പിസ് ക്കോപ്പന്മാർ ക്രിസ്തുവിന്റെ സാന്നിധ്യമായിട്ട് എപ്പോഴും ജനങ്ങൾക്ക് കാണാവുന്നവിധത്തിൽ ഉണ്ടാവുക എന്നുള്ളത്. ഞാൻ അക്കാര്യത്തിൽ വളരെ പരാജയപ്പെട്ടു പോയി. ഒന്നാമത് ജനങ്ങളോടുള്ള സമ്പർക്കത്തിലും പരാജയപ്പെട്ടു, എന്റെ ജീവിതത്തിന്റെ ക്വാളിറ്റിയിലും പരാജ യപ്പെട്ടു. But that is what a Bishop has to be, a man who knows God, lives for God, praise for his people all the time. മഹാപുരോഹിതനായ അഹറോന് മാർപതക്കം ഉണ്ട്. പന്ത്രണ്ട് കല്ല് വെച്ച്. ഓരോ കല്ലിന്മേലും ഓരോ ഗോത്രത്തിന്റെ പേരാണ് എഴുതിയിരിയ്ക്കുന്നത്. ദൈവത്തിന്റെ മുമ്പിൽ നിൽക്കുമ്പോൾ ഈ എല്ലാ ഗോത്രങ്ങളെയും ഓർത്തുകൊണ്ടു വേണം നിൽക്കുവാൻ. That is the Bishop's job. Constantly stands in the presence of God bearing all the burdens of his people. അതിൽകൂടെ ദൈവത്തിന്റെ കരുണ സഭയിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്നതാണ് പൗരസ്ത്യ സഭ യുടെ ഏറ്റവും പ്രധാനമായ സംഗതി. അല്ലാതെ മെത്രാപ്പോലീത്തായുടെ അധികാരമോ അച്ചന്മാരുടെ അധികാരമോ ഒന്നുമല്ല. അവരുടെ ഹോളിനസ്സ്, അവരുടെ പ്രാർത്ഥന, അവരുടെ ജനങ്ങളോടുള്ള സ്നേഹവും സമ്പർക്കവും – അതാണ് പൗരസ്ത്യസഭയുടെ പ്രധാന ഘടകമായിട്ട് ആരംഭം മുതലെ ഉള്ളത്. അത് നഷ്ടപ്പെടുമ്പോഴാണ് സഭയിൽ ഒരുപാട് പ്രശ്നങ്ങളൊക്കെ ഉണ്ടാകുന്നത്. ഇന്നത്തെക്കാലത്ത് അതാണ് അപൂർവ്വമായി വരുന്ന സംഗതി. വി. കുർബാനയും അതുപോലെ സെൻട്രൽ ആണ്. വി. കുർബ്ബാനയിൽ ദൈവത്തിന്റെ സാന്നിധ്യം അനുഭവിക്കാനും അതിൽ പങ്കുകാരാകാനും സാധിക്കുകയെന്നുള്ളത് വേദശാസ്ത്രം പഠിക്കുന്നതിനേക്കാളൊക്കെ വളരെ പ്രധാനപ്പെട്ടതാണ്."

"എനിക്ക് വലിയ ബഹുമാനമുള്ള ഒരു മെത്രാപ്പോലീത്താ കല്ലാശ്ശരിൽ ബാവായാണ് (പ. ഗീവർഗ്ഗീസ് ദ്വീതിയൻ കാതോലിക്കാബാവാ). He is really a spiritual man. മദ്ബഹായ്ക്കകത്ത് കയറിക്കഴിഞ്ഞാൽ നമുക്കറിയാം അദ്ദേഹം ദൈവത്തെ കാണുന്നുണ്ടെന്ന്. ദൈവത്തിന്റെ മുൻ പിലാണ് നിൽക്കുന്നതെന്ന് അദ്ദേഹത്തിനു നല്ല ബോധ്യമുണ്ട്. ദൈവസാന്നിധ്യബോധമുള്ള ഒരു പരിശുദ്ധ ജീവിതമുള്ള ഒരു മെത്രാപ്പോലീത്തായായിരുന്നു. രണ്ടാമത്, എനിക്ക് വലിയ ബഹുമാനമുള്ളത് പാമ്പാടി തിരുമേനിയോടാണ്. പ്രാർത്ഥനാശീലനായ ഒരു മനുഷ്യനായിരുന്നു. വലിയ പാണ്ഡിത്യമൊന്നുമില്ല. യഥാർത്ഥ താഴ്മയുടെ അങ്ങേയറ്റമുള്ള ഒരാളായിരുന്നു. എനിക്ക് വലിയ ബഹുമാനമാണ് അദ്ദേഹത്തെ. Real Spiritual Man of Prayer. ഇതുപോലെയുള്ള മെത്രാപ്പോലീത്തന്മാർ നമുക്കുണ്ടായെങ്കിലേ സഭ ശരിയായിട്ട് പോവുകയുള്ളു. അല്ലാതെ മെത്രാപ്പോലീത്തന്മാർ അധികാരത്തിന്റെ സ്ഥാനങ്ങളാണ്, സ്ഥാപനങ്ങൾ പണിയുന്നവരാണ്, കെട്ടിടം ഉണ്ടാക്കുന്നവരാണെന്നു പറഞ്ഞ് (ഞാനും ഒത്തിരി കെട്ടിടം ഉണ്ടാക്കിയിട്ടുണ്ട്) അങ്ങനെ ചെയ്തിട്ട് കാര്യമൊന്നുമില്ല. അതൊന്നുമല്ല അവരുടെ നേട്ടം. അവിടെ ചെല്ലുമ്പോൾ എത്ര കെട്ടിടം ഉണ്ടാക്കിയെന്ന് ദൈവം ചോദിക്കുകയില്ല. The main thing is your spiritual life must be a life of prayer for the all community and you must be a symbol of the presence of Christ. ക്രിസ്തുവിന്റെ സാന്നിധ്യമാണെന്ന് ജനങ്ങൾക്ക് തോന്നുന്നവിധത്തിലുള്ള ഒന്നായിരിക്കണം മെത്രാപ്പോലീത്തന്മാരുടെ ജീവിതം. അച്ചന്മാരും അതിനകത്ത് പങ്കുവയ്ക്കുന്നവരാകണം. ഒരു അച്ചനെ കാണുമ്പോൾ ക്രിസ്തുവിന്റെ സാന്നിധ്യമാണ് എന്നൊരു ബോധം ജനങ്ങൾക്കുണ്ടാകണം. അതാണ് വളരെ പ്രധാനമായ കാര്യം. സ്നേഹവും വിശുദ്ധിയുമുള്ള മേല്പട്ടക്കാരും പട്ടക്കാരും ഉണ്ടാവുമ്പോഴാണ് സഭ പുരോഗമിക്കുന്നത്. അല്ലാതെ കെട്ടിടങ്ങൾകൊണ്ടോ, പണംകൊണ്ടോ, ഘടന കൊണ്ടോ ഒന്നുമല്ല. Real thing is the Spiritual Quality."

*(പൗലോസ് മാർ ഗ്രീഗോറിയോസിന്റെ ജീവചരിത്രത്തിൽ നിന്നും)*